സിപിഐ എം പാനലിന് വിജയം

വർക്കല

എൻ ശ്യാമള

വെട്ടൂർ പഞ്ചായത്ത് വനിതാ സഹകരണ സംഘം തെരഞ്ഞെടുപ്പിൽ സിപിഐ എം പാനൽ വൻ ഭൂരിപക്ഷത്തിൽ വിജയിച്ചു. എൻ ശ്യാമള, ബ്രിജിരാജ്, മീനു, രേണുക, എസ് ഷിജ, എസ് സീന, സുനിത എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. എൻ ശ്യാമളയെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

പബ്ലിക് ഹിയറിങ് 22ന്

വർക്കല

വർക്കല നഗരസഭ തീരദേശ പരിപാലന പ്ലാനിന്റെ കരടിൽ നിർദേശങ്ങളും പരാതികളും സ്വീകരിക്കാൻ 22ന് 10.30ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് ഹിയറിങ്. കരട് പ്ലാൻ ഔദ്യോഗിക വെബ് സൈറ്റിലും വർക്കല നഗരസഭയിലും പരിശോധനയ്ക്ക് ലഭിക്കും. വിവരങ്ങൾക്ക് നഗരസഭാ ടൗൺ പ്ലാനിങ് / പൊതുമരാമത്ത് വിഭാഗവുമായി ബന്ധപ്പെടണം.

ഗസ്റ്റ് അധ്യാപക ഒഴിവ്

വർക്കല

നെടുങ്ങണ്ട ശ്രീനാരായണ ടെയിനിങ് കോളേജിൽ നാച്ചുറൽ സയൻസ്, മാത്തമാറ്റിക്സ്, സോഷ്യൽ സയൻസ്, ജനറൽ എഡ്യൂക്കേഷൻ എന്നീ വിഷയങ്ങളിൽ ഗസ്റ്റ് ലക്ചറർമാരുടെ ഒഴിവ്. കൊല്ലം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ രജിസ്റ്റർ ചെയ്ത വരെ പരിഗണിക്കും. യുജിസി മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യതയുള്ളവർക്ക് മുൻഗണന. താൽപ്പര്യമുള്ളവർ ബയോഡാറ്റയും അനുബന്ധ രേഖകളും സഹിതം 17നകം അപേക്ഷ സമർപ്പിക്കണം. ഇ–മെയിൽ ഐഡി: sntcned@gmail.com. ഫോൺ: 04702602353, 9497851643.

നീർത്തടാധിഷ്ഠിത വികസന മാർഗരേഖ പ്രകാശിപ്പിച്ചു

മംഗലപുരം

അഴൂർ പഞ്ചായത്തിലെ ചിലമ്പിൽ തോട് വീണ്ടെടുക്കൽ പ്രവർത്തനത്തിന്റെ ഉദ്ഘാടനവും നീരുറവ് സമഗ്ര നീർത്തടാധിഷ്ഠിത വികസന മാർഗരേഖയുടെ പ്രകാശനവും പഞ്ചായത്ത് പ്രസിഡന്റ് ആർ അനിൽ നിർവഹിച്ചു. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തംഗം കെ എസ് അജിത് കുമാർ, പഞ്ചായത്തംഗങ്ങളായ ടി കെ റെജി, ലതിക മണിരാജ്, അനിൽ നാഗർനട എന്നിവർ പങ്കെടുത്തു. പ്രകൃതി വിഭവ പരിപാലനത്തിന് പ്രാധാന്യം നൽകി ടൂറിസം ഉൾപ്പെടെയുള്ള വകുപ്പുകളുമായി സഹകരിച്ച് അടുത്ത അഞ്ചുവർഷക്കാലം പഞ്ചായത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളാണ് പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എംഡിഎംഎ വിൽപ്പനയ്ക്കെത്തിച്ചവർ പിടിയിൽ

തിരുവനന്തപുരം

കാറിൽ എംഡിഎംഎ വിൽപ്പന നടത്തിയവർ അറസ്റ്റിൽ. കടകംപള്ളി സ്വദേശി അനൂപ്(25), പൂവാർ കൊച്ചുതുറ ഡാനിയൽ(26), വെട്ടുകാട് ബാലനഗർ രാജ്കുമാർ (ജിക്കു –26) എന്നിവരെയാണ് വലിയതുറ പൊലീസ് പട്രോളിങ്ങിനിടെ അറസ്റ്റ് ചെയ്തത്. കാറിലിരുന്ന് ഹുക്ക പോലുള്ള ഉപകരണം ഉപയോഗിച്ച് എംഡിഎംഎ വലിക്കുകയായിരുന്നു മൂവർസംഘം. പരിശോധനയിൽ 1.1 ഗ്രാം എംഡിഎംഎയും കണ്ടെടുത്തു. വിൽപ്പനയ്ക്കായി ബംഗളൂരുവിൽനിന്ന് എത്തിച്ചതാണെന്ന് കരുതുന്നു. മയക്കുമരുന്ന്, കൊലപാതക ശ്രമം തുടങ്ങിയ കേസുകളിൽ പ്രതികളാണ് മൂവരും.

ചാനൽ സിനിമ

ഏഷ്യാനെറ്റ്
9.00 ഭീഷ്മപർവം
3.00 ദൃശ്യം 2
10.30 ലളിതം സുന്ദരം

ഏഷ്യാനെറ്റ് പ്ലസ്
9.00 പൈപ്പിൻചുവട്ടിലെ പ്രണയം
12.30 ഓം ശാന്തി ഓശാന
3.00 ലേഡീസ് & ജന്റിൽമെൻ
11.00 ചില നുമ്പുജൻ നാട്ടുവിശേഷങ്ങൾ

ഏഷ്യാനെറ്റ് മൂവീസ്
7.00 രസതന്ത്രം
10.00 ഷെർലക് ടോംസ്
1.00 കുബേരൻ
4.00 കാവൽ
7.00 സീതാരാമം
10.30 ഫോറൻസിക്

സൂര്യ
8.30 ഓർഡിനറി
2.30 ഷെഫീക്കിന്റെ സന്തോഷം

സൂര്യ മൂവീസ്
7.00 രാധാമാധവം
10.00 രക്ഷ
1.00 ബെൻ
4.00 കുരുക്ഷേത്ര
7.00 പട്ടാഭിഷേകം
10.00 പാലേരിമാണിക്യം

സിബിഎസ്സി പ്ലസ്ടു പരീക്ഷയിൽ നൂറുശതമാനം വിജയം നേടിയ കഴക്കൂട്ടം ജ്യോതിസ് സെൻട്രൽ സ്കൂളിലെ വിദ്യാർഥികൾ അധ്യാപകർക്കൊപ്പം

മെഡിക്കൽ ക്യാമ്പ് ഇന്ന്

ചിറയിൻകീഴ്

ഡിവൈഎഫ്ഐ മേഖലാ കമ്മിറ്റി അംഗം എൻ രതീഷിന്റെ അനുസ്മരണ ദിനത്തോടനുബന്ധിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പും പ്രമേഹ ബോധവൽക്കരണ ക്ലാസും നടത്തും. ശനി രാവിലെ 8.30ന് മുടപുരത്ത് ഒ എസ് അംബിക എംഎൽഎ ഉദ്ഘാടനം ചെയ്യും. ഡിവൈഎഫ്ഐ കിഴിലം മേഖലാ കമ്മിറ്റിയിലെ ആയുർവേദ യൂണിറ്റിന്റെ നേതൃത്വത്തിലാണ് ക്യാമ്പ്.

ഡോ. വന്ദന ദാസിനായി ശിവഗിരിയിൽ നടന്ന സമൂഹ പ്രാർഥന

ഡോ. വന്ദന ദാസിനായി സമൂഹപ്രാർഥന

വർക്കല

പൊതുജനസേവികയും ഗുരുദേവഭക്തയുമായിരുന്ന ഡോ. വന്ദന ദാസിന്റെ വേർപാടിൽ ശിവഗിരി മഠം അനുശോചിച്ചു. സമൂഹപ്രാർഥനയും നടത്തി. ധർമ്മസംഘം പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ, സ്വാമിമാരായ വിശാലാനന്ദ, ഗോവിന്ദാനന്ദ, സുരേശ്വരാനന്ദ, വിരേശ്വരാനന്ദ, വിരജാനന്ദ, ഹംസതീർഥ, ദേശികാനന്ദയതി തുടങ്ങിയ ധർമ്മസംഘാംഗങ്ങളും മഠത്തിലെ അന്തേവാസികളും പങ്കെടുത്തു.

സഹപാഠികൾക്ക് യൂണിഫോം നൽകി

യൂണിഫോം വിതരണം തൊളിക്കോട് പഞ്ചായത്ത് പ്രസിഡന്റ് വി ജെ സുരേഷ് ഉദ്ഘാടനം ചെയ്യുന്നു

വെഞ്ഞാറമൂട്

സഹപാഠികൾക്ക് യൂണിഫോം നൽകി മാതൃകയായി വെഞ്ഞാറമൂട് യുപിഎസ്. തണൽ പദ്ധതിയുടെ ഭാഗമായി സഹപാഠിക്കായ് കൈകോർക്കാം എന്ന പേരിൽ പാലോട് സബ് ജില്ലയിലെ രണ്ട് വിദ്യാലയങ്ങളിലെ പ്രീ പ്രൈമറിയിലെ 84 കുട്ടികൾക്കാണ് സൗജന്യമായി യൂണിഫോം വിതരണം ചെയ്തത്. വിതരണ ഉദ്ഘാടനം തൊളിക്കോട് പഞ്ചായത്ത് പ്രസിഡന്റ് വി ജെ സുരേഷ് നിർവഹിച്ചു. രാഖി അധ്യക്ഷയായി.

വെഞ്ഞാറമൂട് ഗവ. യുപിഎസ് ഹെഡ്മാസ്റ്റർ എം കെ മെഹബൂബ് പദ്ധതി വിശദീകരണം നടത്തി. ചെട്ടിയാൻപാറ ഗവ. എൽപിഎസ് ഹെഡ്മാസ്റ്റർ സുനിൽ, ഷിജ, തോട്ടുമുക്ക് അൻസർ, എസ് ഷിഹാസ്, ബി പ്രതാപൻ, റസിയ, ശ്യാംലാൽ, എസ് നിഹാസ്, എസ് സൗമ്യ, ബീന എന്നിവർ സംസാരിച്ചു.

ത്രീഡി തിയറ്ററും ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റും തുറന്നു

വിതുര

പൊന്മുടിയിലെ പുതിയ ത്രീഡി തിയറ്റർ, കല്ലാറിലെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് എന്നിവ മന്ത്രി എ കെ ശശീന്ദ്രൻ ഓൺലൈനായി ഉദ്ഘാടനംചെയ്തു.

വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ജനങ്ങളോടുള്ള ഇടപെടൽ സുതാര്യമാക്കുന്നതിനുമുള്ള പ്രവർത്തനം ശക്തമാക്കുമെന്ന് മന്ത്രി പറഞ്ഞു. ജി സ്റ്റീഫൻ എംഎൽഎ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ ജി കോമളം, എസ് ഇന്ദുലേഖ, പഞ്ചായത്ത് പ്രസിഡന്റ് വി എസ് ബാബുരാജ്, ജില്ലാ പഞ്ചായത്തംഗങ്ങളായ എമിനി, സോഫി തോമസ്, പത്മശ്രീ ലക്ഷ്മിക്കുട്ടി അമ്മ, വനംവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

പൊന്മുടി ഇക്കോ ടൂറിസം പ്രവേശന കവാടത്തിലെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റിന്റെ ഉദ്ഘാടന ചടങ്ങിൽ ജി സ്റ്റീഫൻ എംഎൽഎ ദീപം തെളിക്കുന്നു

വിതുര പൊന്മുടി റോഡിൽ കല്ലാർ ഗോൾഡൻവാലി ഭാഗത്താണ് ആധുനിക ചെക്ക്പോസ്റ്റ്. ദിവസവും നൂറുകണക്കിന് വാഹനങ്ങളെത്തുന്ന ഇവിടെ ചെക്ക്പോസ്റ്റിന്റെ പരിമിതിയാൽ വാഹനപരിശോധന ശ്രമകരമായിരുന്നു. എന്നാൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് തുറന്നതോടെ വാഹന പരിശോധന കൂടുതൽ സുഗമമാകും. സഞ്ചാരികൾക്ക് വനവിഭവങ്ങൾ ലഭ്യമാക്കുന്ന ഇക്കോഷോപ്പ്, ഇൻഫർമേഷൻ സെന്റർ, ജീവനക്കാർക്കുള്ള താമസസൗകര്യം, ശുചിമുറികൾ എന്നിവ സജ്ജമാക്കി. നബാർഡിൽനിന്നും 73,74,000 രൂപ ചെലവഴിച്ചാണ് നിർമാണം.

പൊന്മുടി ഇക്കോ ടൂറിസത്തിലെത്തുന്ന സഞ്ചാരികൾക്ക് ഇനി ത്രീഡി ദൃശ്യനുഭവവും ആസ്വദിക്കാം. ഒരേ സമയം 40 പേർക്ക് ഇരിക്കാനുള്ള സൗകര്യമുണ്ട്. പൂർണമായും ശീതീകരിച്ച തിയറ്ററിൽ 4കെ പ്രൊജക്ടർ, ഹൈ ക്വാളിറ്റി സൗണ്ട് സിസ്റ്റം, ആക്റ്റീവ് ത്രീഡി കണ്ണടകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ചു ത്രീഡി പ്രദർശനം സഞ്ചാരികൾക്ക് വേറിട്ട അനുഭവമാകും. ഇരുപതുലക്ഷം രൂപ ചെലവിലാണ് നിർമാണം.

കബഡി ടൂർണമെന്റ് 27ന്

മംഗലപുരം

ക്ഷത്രിയാസ് കബഡി അക്കാദമി സംഘടിപ്പിക്കുന്ന ദക്ഷിണേന്ത്യൻ കബഡി ടൂർണ്ണമെന്റ് 27, 28 തീയതികളിൽ നടക്കും. പോത്തൻകോട് ലക്ഷ്മി വിലാസം ഹൈസ്കൂൾ സിന്തറ്റിക്ക് ഫ്ളഡ്ലൈറ്റ് സ്റ്റേഡിയത്തിൽ 27 ന് വൈകിട്ട് ആറിന് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും. 27 ന് പ്രാദേശിക ടൂർണമെന്റും 28 ന് ദക്ഷിണേന്ത്യൻ ടൂർണമെന്റുമാണ്.

ടൂർണമെന്റ് നടത്തിപ്പിനായി പോത്തൻകോട് പഞ്ചായത്ത് പ്രസിഡന്റ് ടി ആർ അനിൽ, ജില്ലാ പഞ്ചായത്ത് അംഗം വേണുഗോപാലൻ നായർ, ബ്ലോക്ക് പഞ്ചായത്ത് അംഗം മലയിൽക്കോണം സുനിൽ എന്നിവർ രക്ഷാധികരികളായി സ്വാഗതസംഘം രൂപീകരിച്ചു.

ഡ്രൈവർ നിയമനം

വിതുര

ചായം ഗവ. എൽപിഎസിൽ താൽക്കാലികാടിസ്ഥാനത്തിൽ ബസ് ഡ്രൈവറെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ സ്കൂളുമായി ബന്ധപ്പെടുക.

മണനാക്ക്- പള്ളിമുക്ക് റോഡിൽ ഗതാഗത നിയന്ത്രണം

ചിറയിൻകീഴ്

നവീകരണം നടക്കുന്നതിനാൽ ആലംകോട് മീരാൻകടവ് റോഡിൽ മണനാക്കുമുതൽ പള്ളിമുക്കുവരെ 13ന് രാവിലെ ആറു മുതൽ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ ഗതാഗതം നിയന്ത്രിക്കും. മണനാക്കിൽനിന്ന് നിലയ്ക്കാമുക്കിലേക്ക് പോകേണ്ട വാഹനങ്ങൾ മണനാക്ക് വിളയിൽമൂല പള്ളിമുക്ക് വഴിയും നിലയ്ക്കാമുക്കിൽനിന്ന് മണനാക്കിലേക്കും ആറ്റിങ്ങലിലേക്കും പോകേണ്ട വാഹനങ്ങൾ പള്ളിമുക്ക് തിനവിള വിളയിൽമൂല വഴിയും പോകണം. ആവശ്യ സർവീസുകളെ നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ജനാധിപത്യ മഹിളാ അസോസിയേഷൻ നെടുമങ്ങാട് ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ശുചീകരണം ലേഖ സുരേഷ് ഉദ്ഘാടനം ചെയ്യുന്നു

ശുചീകരിച്ചു

നെടുമങ്ങാട്

മാലിന്യം വലിച്ചെറിയരുത് ക്യാമ്പയിന്റെ ഭാഗമായി ജനാധിപത്യ മഹിളാ അസോസിയേഷൻ നെടുമങ്ങാട് ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ശുചീകരണം നടത്തി.

നെടുമങ്ങാട് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പരിസരത്തു നടന്ന ശുചീകരണം അസോസിയേഷൻ ഏരിയ സെക്രട്ടറി ലേഖ സുരേഷ് ഉദ്ഘാടനം ചെയ്തു. നഗരസഭാധ്യക്ഷ സി എസ് ശ്രീജ, എസ് സുനിത, എസ് സിന്ധു, പി വസന്തകുമാരി തുടങ്ങിയവർ പങ്കെടുത്തു.

ഹരിതകർമ സേനയ്ക്ക് വാഹനം നൽകി

ചിറയിൻകീഴ്

കിഴുവിലം പഞ്ചായത്തിലെ ഹരിത കർമസേന പ്രവർത്തകർക്ക് ഇലക്ട്രിക് വാഹനം നൽകി. പഞ്ചായത്ത് പ്രസിഡന്റ് ആർ മനോന്മണി ഉദ്ഘാടനം ചെയ്തു. എസ് വിനിത അധ്യക്ഷയായി. സ്ഥിരം സമിതി അധ്യക്ഷ എസ് സുലഭ , ജി ഗോപകുമാർ, ജയചന്ദ്രൻ, എ പ്രസന്ന , ഒ എസ് സ്റ്റാർലി, വിനിത, സിന്ധു എന്നിവർ സംസാരിച്ചു.

വയോധികയുടെ മാല കവർന്നവർ പിടിയിൽ

വർക്കല

പാങ്ങോട് പൊലീസ് സ്റ്റേഷൻ പരിധിയിൽ വയോധികയുടെ മാല കവർന്ന പ്രതികളെ വർക്കല പൊലീസ് പിടികൂടി. പാങ്ങോട് ചന്തക്കുന്ന് കോളനി സ്വദേശികളായ സുനിൽ (27), അനിൽ (23) എന്നിവരാണ് പിടിയിലായത്. വർക്കല മുനിസിപ്പൽ ടൗൺ ഹാളിന് സമീപം കണ്ട ഇവരെ ചോദ്യം ചെയ്തതോടെയാണ് ഇവർ പാങ്ങോട് സ്റ്റേഷൻ പരിധിയിലെ കവർച്ച കേസിലെ പ്രതികളാണെന്ന് മനസ്സിലായത്.

10ന് വൈകിട്ട് 5.30ന് പാങ്ങോട് പുലിപ്പാറ ശാസ്താംകുന്ന് ഷെമീർ മൻസിലിൽ എൺപതുകാരിയായ ആയിഷാബീവിയെ ആക്രമിച്ച് മാല കവർന്നിരുന്നു. ഇവരുടെ വീട്ടിൽ രാവിലെ കൂലിപ്പണിക്ക് എത്തിയ പ്രതികർ പകൽ 11ന് കൂലിയും വാങ്ങി മടങ്ങി. പിന്നീട് തിരിച്ചെത്തി അടുക്കളവാതിൽ ചവിട്ടിപ്പൊളിച്ചായിരുന്നു കവർച്ച. മകളും മരുമകനും കണ്ണാശുപത്രിയിൽ പോയി തിരികെ വന്നപ്പോഴാണ് ആയിഷാബീവിയെ ആക്രമിച്ച് മാല പൊട്ടിച്ച വിവരം അറിയുന്നത്.

ആയിഷാബീവിയെ ആക്രമിച്ച് മുക്കാൽ പവന്റെ മാല കവർന്ന ശേഷം അലമാര തുറന്നും കവർച്ച നടത്തി. വയോധികയെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി ഇവർ കടന്നു. തുടർന്ന് പാങ്ങോട് പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനിടെയാണ് ഇവർ വർക്കല പൊലീസിന്റെ പിടിയിലാകുന്നത്. പ്രതികളെ പാങ്ങോട് പൊലീസിന് കൈമാറി.

കിഴുവിലം പഞ്ചായത്തിലെ ഹരിത കർമ സേനയ്ക്ക് നൽകിയ ഇലക്ട്രിക് വാഹനം പ്രസിഡന്റ് ആർ മനോന്മണി ഉദ്ഘാടനം ചെയ്യുന്നു

കഴിഞ്ഞ ദിവസം തകർന്നുവീണ കുവളശ്ശേരി ക്ഷേത്ര വഴിയിലെ കൽമണ്ഡപം

വഴിയമ്പലം തകർന്നുവീണു

കാട്ടാക്കട

നൂറ്റാണ്ടുകളായി തലമുറകൾ കാത്തുസൂക്ഷിച്ചുപോന്ന മാറനല്ലൂർ, കുവളശ്ശേരി ശ്രീമഹാദേവ ക്ഷേത്ര വഴിയിലെ വഴിയമ്പലം കൈയേറ്റത്താൽ തകർന്നു. മാർത്താണ്ഡവർമ്മ രാജാവിന്റെ കാലത്ത് നിർമിച്ചതാണ് വഴിയമ്പലം എന്നാണ് നിഗമനം. കുവളശ്ശേരി ക്ഷേത്രത്തിലെത്തുന്നവർക്ക് വിശ്രമിക്കാനും ആറാട്ട് ദിവസം പൂജാ ചടങ്ങുകൾക്കുമായിരുന്നു ഇത് ഉപയോഗിച്ചിരുന്നത്. 10 സെന്റോളം ഭൂമിയിലാണ് വഴിയമ്പലം സ്ഥിതിചെയ്തിരുന്നത്. എന്നാൽ സമീപവാസികൾ കൈയേറി അടിഭാഗം കുഴിച്ചതോടെ വഴിയമ്പലം തകർന്നുവീഴുകയായിരുന്നു. കൂറ്റൻ കൽത്തൂണുകളിൽ ക്ഷേത്രവുമായി ബന്ധപ്പെട്ടുള്ള ശിൽപ്പങ്ങളും മകുടങ്ങളും കൊത്തിവച്ചിരുന്നു.

വാർഷിക വരിസംഖ്യ ഏറ്റുവാങ്ങി

ആറ്റിങ്ങൽ

സിപിഐ എം ആറ്റിങ്ങൽ ഏരിയ കമ്മിറ്റിക്ക് കീഴിൽ ചേർത്ത ചിന്ത, ദേശാഭിമാനി വാരിക എന്നിവയുടെ വാർഷിക വരിസംഖ്യ ഏറ്റുവാങ്ങി. പ്രവർത്തക യോഗം ജില്ലാ സെക്രട്ടറിയറ്റംഗം ആർ രാമു ഉദ്ഘാടനം ചെയ്തു. ഏരിയ സെക്രട്ടറി എസ് ലെനിനിൽനിന്ന് ആർ രാമു വരിസംഖ്യ ഏറ്റുവാങ്ങി. ജില്ലാ കമ്മിറ്റി അംഗം ആർ സുഭാഷ് അധ്യക്ഷനായി. ഏരിയ സെക്രട്ടറി എസ് ലെനിൻ, വി എ വിനീഷ്, എം പ്രദീപ്, അഞ്ചുതെങ്ങ് സുരേന്ദ്രൻ, ആർ രാജു എന്നിവർ സംസാരിച്ചു.

സിപിഐ എം ആറ്റിങ്ങൽ ഏരിയ കമ്മിറ്റിക്ക് കീഴിൽ ചേർത്ത ചിന്ത, ദേശാഭിമാനി വാരിക എന്നിവയുടെ വാർഷിക വരിസംഖ്യ ജില്ലാ സെക്രട്ടറിയറ്റംഗം ആർ രാമു ഏരിയ സെക്രട്ടറി എസ് ലെനിനിൽനിന്ന് ഏറ്റുവാങ്ങുന്നു

ഹെറോയിനുമായി അസം സ്വദേശികൾ അറസ്റ്റിൽ

കിളിമാനൂർ

കിളിമാനൂർ എക്സൈസ് സംഘം നടത്തിയ റെയ്ഡിൽ മാരക മയക്കുമരുന്നായ ഹെറോയിനുമായി അസം സ്വദേശികൾ അറസ്റ്റിൽ.

അറസ്റ്റിലായ പ്രതികൾ

ഹജ് റത്ത് അലി (23), ഹാരൂൺ ഇസ്‌ലാം (27) എന്നിവരാണ് അറസ്റ്റിലായത്. ഇവരിൽനിന്ന് 269 ഗ്രാം ഹെറോയിൻ, 17 ഗ്രാം കഞ്ചാവ് എന്നിവ പിടികൂടി.

കോളേജ് വിദ്യാർഥികൾക്കും അന്യ സംസ്ഥാന തൊഴിലാളികൾക്കും വ്യാപകമായി കഞ്ചാവും മയക്ക് മരുന്നും നൽകുന്ന സംഘത്തിലെ കണ്ണികളാണിവരെന്ന് എക്സൈസ് അധികൃതർ പറഞ്ഞു.

പുസ്തകം പ്രകാശിപ്പിച്ചു

തിരുവനന്തപുരം

മൈത്രി ബുക്സ് പ്രസിദ്ധീകരിച്ച ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഡോ. ലിറ്റിൽ ഹെലന്റെ 'ഹൗ ടു ടീച്ച് ആൻഡ് ലേൺ റിപ്രൊഡക്ടീവ് ഹെൽത്ത്' എന്ന പുസ്തകം വി കെ പ്രശാന്ത് എംഎൽഎ പ്രകാശിപ്പിച്ചു. കെഎസ്ടിഎ ജനറൽ സെക്രട്ടറി എൻ ടി ശിവരാജൻ പുസ്തകം ഏറ്റുവാങ്ങി. കെജിഒഎ ജനറൽ സെക്രട്ടറി ഡോ. മോഹനചന്ദ്രൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം സത്യൻ, എഎച്ച്എസ്ടിഎ സ്റ്റേറ്റ് കൗൺസിൽ മെമ്പർ ഡോ. വിനു, സിഎസ്ഐആർ സൈക്കോളജിസ്റ്റ് ഡോ. ജിബി, ഡോ. നളിനാക്ഷൻ, പ്രൊഫ. ജെസി ജേക്കബ്, വനിതാ സാഹിതി സെക്രട്ടറി സരസമ്മ, ലാൽസലാം എന്നിവർ സംസാരിച്ചു.

ഡോ. ലിറ്റിൽ ഹെലന്റെ 'ഹൗ ടു ടീച്ച് ആൻഡ് ലേൺ റിപ്രൊഡക്ടീവ് ഹെൽത്ത്' പുസ്തകം വി കെ പ്രശാന്ത് എംഎൽഎ കെഎസ്ടിഎ ജനറൽ സെക്രട്ടറി എൻ ടി ശിവരാജന് നൽകി പ്രകാശിപ്പിക്കുന്നു

സിനിമ

തിരുവനന്തപുരം

കൈരളി
▶ 2018 (11.15, 2.30, 6.00, 9.15, 11.59)

ശ്രീ
▶ നെയ്യർ (11.00, 6.00, 9.15)
▶ പൊന്നിയിൻ സെൽവൻ 2 (M) (2.30, 11.59)

നിള
▶ പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

കലാഭവൻ
▶ 2018 (11.30, 2.30, 6.15, 9.15, 11.59)

ലെനിൻ സിനിമാസ്
▶ നീലവെളിച്ചം (4.00, 9.00)
▶ ബി32–44 (11.30)
▶ EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
▶ നെയ്യർ (11.15, 2.15, 10.15)
▶ പൊന്നിയിൻ സെൽവൻ 2 (6.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്
ഒഡി 1
▶ 2018 (11.30, 3.00, 6.30, 10.00)
ഒഡി 2
▶ പൊന്നിയിൻ സെൽവൻ 2 (2.45, 6.30)
▶ പൊന്നിയിൻ സെൽവൻ 2 (M) (11.15, 2.00, 4.45, 7.45, 10.55)
ഒഡി 3
▶ ഫർഹാന (11.00, 10.10)
▶ IB71 (1.45)
▶ EVIL DEAD (4.15)
▶ പൊന്നിയിൻ സെൽവൻ 2 (6.30)
ഒഡി 4
▶ കേരള സ്റ്റോറി (10.15, 1.15, 4.15, 7.30)
▶ ജാനകി ജാനെ (10.30)
ഒഡി 5
▶ GUARDIANS OF THE GALAXY (10.15)
▶ 2018 (1.15, 4.30, 7.45, 11.00)
ഒഡി 6
▶ ജാനകി ജാനെ (10.00)
▶ പാച്ചുവും അത്ഭുതവിളക്കും (12.30, 4.00, 7.30, 10.45)

വർക്കല

വിമല
▶ 2018 (11.00, 3.00, 6.30, 9.45)

എസ് ആർ
▶ പത്താം വളവ് (11.00, 3,00, 6.30, 9.45)

സ്റ്റാർ
▶ DON (11.00, 3.00, 6.15, 9.30)

വെട്ടുറോഡ്

ഹരിശ്രീ (0471 2755666)
▶ 2018 (11.15, 2.30, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
▶ 2018 (4 ഷോ)

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
▶ നെയ്യർ (11.15, 2.30, 6.15, 9.30)

എം ടി സിനി പ്ലക്സ് (2419515)
ടെല 1
▶ പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)
ടെല 2
▶ EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്
സ്ക്രീൻ 1
▶ 2018 (11.00, 2.30, 6.00, 9.30)
സ്ക്രീൻ 2
▶ ജാനകി ജാനെ (2.30, 6.00, 9.30)
▶ FARHANA (11.00)

കാട്ടാക്കട

എസ് എൽ സിനിമാസ്
സ്വരം
▶ 2018 (11.15, 2.15, 6.15, 9.15)
ലയം
▶ നെയ്യർ (11.15, 2.15, 6.15, 9.15)

ശ്രീ കാളിദാസ് (9562404499)
ഒഡി 1
▶ 2018(4 ഷോ)
ഒഡി 2
▶ പൊന്നിയിൻ സെൽവൻ 2 (4 ഷോ)
ഒഡി 3
▶ പൊന്നിയിൻ സെൽവൻ 2 (4 ഷോ)
ഒഡി 4
▶ കേരള സ്റ്റോറി 2 (11.00, 9.30)
ഒഡി 5
▶ വിരൂപക്ഷ (6.15? 9.30)
▶ മദഭന്മാത്സര്യം (6.15,9.30)
ഒഡി 6
▶ പാച്ചുവും അത്ഭുതവിളക്കും (4 ഷോ)